# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :5111 — 02.07.2013 ൽ മറുപടി നല്കേണ്ടിയിരുന്നത്

## എമർജിംഗ് കേരളയിൽ വന്ന 330 മെഗാവാട്ട് സൗരോർജ്ജ പദ്ധതി

**ചോദ്യം**

ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. എ.കെ. ബാലൻ
ശ്രീ. കെ.വി. വിജയദാസ്
ശ്രീ. വി. ചെന്താമരാക്ഷൻ

(എ) എമർജിംഗ് കേരളയിൽ വന്ന 330 മെഗാവാട്ട് സൗരോർജ്ജം ഉൽപാദിപ്പിക്കാനുള്ള പദ്ധതിയുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടത്തിപ്പുകാരുമായി ധാരണാപത്രം ഉടൻ ഒപ്പിടുമെന്ന മുഖ്യമന്ത്രിയുടെ പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി സംബന്ധിച്ച് കമ്പനി അധികൃതർ ബോർഡുമായും സർക്കാരുമായി നടത്തിയ ചർച്ചയിൽ എന്നത്തേയ്ക്ക് ഉൽപാദനം ആരംഭിക്കുമെന്നാണ് ഉറപ്പ് നൽകിയിരുന്നത്;

(ഡി) ഇതിന് ആവശ്യമായ സ്ഥലം പാലക്കാട് കഞ്ചിക്കോട് നൽകാമെന്ന് അറിയിച്ചിട്ടുണ്ടോ;

(ഇ) കമ്പനി ആവശ്യപ്പെട്ട സ്ഥലം എത്രയെന്നും കമ്പനി മുന്നോട്ടുവച്ച വ്യവസ്ഥകൾ എന്തെല്ലാമാണെന്നും ഇക്കാര്യത്തിൽ സർക്കാർ നിലപാട് എന്താണെന്നും വിശദമാക്കാമോ?

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

(എ) യും (ബി)യും (സി)യും (ഡി)യും (ഇ)യും

പാലക്കാട് 330 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതി ആരംഭിക്കുന്നതിന് ഹാങ്ജോഗ് എനർജി ആന്റ് ടെക്നോളജി പ്രൈവറ്റ് ലിമിറ്റഡ് എന്ന ഒരു കമ്പനിയുമായി ധാരണാപത്രം ഒപ്പു വയ്ക്കുന്നതിന് മന്ത്രിസഭായോഗം അനുമതി നല്കിയിരുന്നു. എന്നാൽ റിന്യൂവബിൾ എനർജി സ്രോതസ്സ് വഴിയായി 50 മെഗാവാട്ടും അതിന് മുകളിലുമുള്ള പദ്ധതികളിലൂടെ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് കെ.എസ്.ഇ.ബി താല്പര്യപത്രം ക്ഷണിക്കുന്ന സമയത്തായിരുന്നു മേൽ കമ്പനിയുടെ പ്രപ്പോസൽ ലഭിച്ചത്. ആയതിനാൽ മത്സരാധിഷ്ഠിത റേറ്റാണോ കമ്പനി സമർപ്പിച്ചിട്ടുള്ളത് എന്ന് മനസ്സിലാക്കുന്നതിനായി മേൽ കമ്പനിയോട് താല്പര്യപത്രം (EOI) സമർപ്പിക്കുവാൻ ആവശ്യപ്പെട്ടു. മേൽ കമ്പനി സമർപ്പിച്ച താല്പര്യപത്രം കെ.എസ്.ഇ.ബി അംഗീകരിക്കുകയും ചെയ്തു. അതിനുശേഷം സ്ഥാപിക്കുന്ന സ്ഥലത്തെ സംബന്ധിച്ചുള്ള വിശദ വിവരങ്ങൾ നല്കി PPA ഒപ്പിടുന്നതിനായി കമ്പനിയ്ക്ക് (6+3) 9 മാസത്തെ സാവകാശം നല്കിയിരുന്നു. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ കമ്പനിയ്ക്ക് ഡോക്യുമെന്റ്സ് നല്കുവാൻ സാധിക്കാത്തതിനാൽ കെ.എസ്.ഇ.ബി അംഗീകാരം റദ്ദ് ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

List of Empanelled Agency as on 26-06.2013

| SL.NO | Name of Agency |
|---|---|
| 1. | Power One Micro Systems(p) Ltd |
| 2. | Radiant Solar Pvt Ltd |
| 3. | Pace Power Systems Pvt. Ltd |
| 4. | Chemtrols Solar Pvt Ltd |
| 5. | Millenium Synergy Pvt. Ltd |
| 6. | Thermax Limited |
| 7. | Su-Kam Power Systems Ltd |
| 8. | Bosch Limited |
| 9. | Jain Irrigation Systems Ltd |
| 10. | Solar integration India Pvt. Ltd |
| 11. | Eversun Energy Private ltd |
| 12. | Waree Energies Pvt. Ltd |
| 13. | Adithya Solar Energy systems |
| 14. | Lanco solar Energy Pvt. Ltd |
| 15. | UM Green Lighting |
| 16. | Agni Power & Electronics Pvt.Ltd |
| 17. | Moser Baer Solar Ltd |
| 18. | Alectrona Energy Pvt.Ltd |
| 19. | Luminous Power Technologies Pvt. Ltd |
| 20. | Surana Ventures Ltd |
| 21. | Ammini Solar Pvt. Ltd |
| 22. | Gensol consultants Pvt. Ltd |
| 23. | TATA Power Solar Systems Ltd |
| 24. | EMMVEE Photovoltaic Power (P) Ltd |
| 25. | Autonics Energy systems Pvt Ltd |